പ്രക്ഷോഭണം നടത്തണംഎന്നുതന്നെയാണ് ഞങ്ങളുടെ ആഗ്രഹം. മറ്റു പാർട്ടികളുമായി ബന്ധപ്പെട്ടുകൊണ്ട് ഇക്കാര്യത്തിൽ എന്തുചെയ്യാൻ സാധിക്കുമെന്നുള്ളതു പരിശോധിക്കാം.

ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും സർക്കാരിലേക്ക് ഡ്യൂട്ടി അടയ്ക്കേണ്ട സംഖ്യ

*574 [627] ശ്രീ. എൻ. സുബ്രഹ്മണ്യ ഷേണായി:

,, എസ്. ഗോവിന്ദക്കുറുപ്പ്:

,, സി. ബി. സി. വാര്യർ:

,, പി. കെ. ചന്ദ്രാനന്ദൻ:

,, സി. പി. കരുണാകരൻപിള്ള:

,, പി. പി. എസ്തോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) കേരളാ ഇലക്ട്രിസിറ്റി ആക്ടിലെ വ്യവസ്ഥകളനുസരിച്ച് ഇലക്ട്രിസിറ്റി ബോർഡിൽനിന്നും സർക്കാരിലേക്ക് ഡ്യൂട്ടി അടയ്ക്കേണ്ട സംഖ്യ 1981 മാർച്ച് അവസാനംവരെ എത്രകണ്ട് കുടിശ്ശികയുണ്ട്;

(ബി) ആക്ടിലെ സെക്ഷൻ 3 (1) അനുസരിച്ച് അടയ്ക്കേണ്ട ഇലക്ട്രിസിറ്റി ഡ്യൂട്ടി ഇതിൽ പെടുമോ;

(സി) ഇല്ലെങ്കിൽ ആ ഇനത്തിൽ 1981 മാർച്ച് 31 വരെ എന്തു കുടിശ്ശികയുണ്ട്;

(ഡി) ഈ കുടിശ്ശിക തുകകയ്യ ഏതുകാലം മുതൽക്കുള്ളതാണ്;

(ഇ) കുടിശ്ശിക വരുവാൻ കാരണം എന്താണ്;

(എഫ്) കുടിശ്ശിക ഈടാക്കാൻ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്;

(ജി) 1979-നു ശേഷം കുടിശ്ശിക ഇനത്തിൽ എത്ര സംഖ്യ അടച്ചിട്ടുണ്ട്?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) മാസംതോറും 45 ലക്ഷം രൂപ ബോർഡ് മുൻകൂറായി ഗവൺമെന്റിലേക്കടച്ചുകൊണ്ടിരിക്കുന്നതിനാൽ കുടിശ്ശികയുണ്ടെന്നു പറയാൻ നിവൃത്തിയില്ല. മുൻകൂറടയ്ക്കുന്ന തുകയിൽനിന്നും തനതു മാസത്തെ തുക നീക്കി ബാക്കിവരുന്ന തുക അടയ്ക്കുകയോ ബാക്കി അടയ്ക്കേണ്ടതിൽ കുറവാണെങ്കിൽ അടുത്ത മുൻകൂർ തുകയിൽ കണക്കാക്കുകയോ ചെയ്യുന്നു.

(ബി) ഇല്ല.

(സി) കുടിശ്ശിക തിട്ടപ്പെടുത്തുന്ന ജോലി പൂർത്തീകരിച്ചിട്ടില്ല. ഇതുസംബന്ധിച്ച് ബോർഡും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റുമായി എഴുത്തുകുത്തു നടത്തിക്കൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 1963 മുതലുള്ളതാണ്.

(ഇ) ബോർഡിന്റെ സാമ്പത്തികനില മോശമായതിനാലാണ് കുടിശ്ശിക വന്നിട്ടുള്ളത്.

(എഫ്) കത്തിടപാടുകൾ നടത്തിവരുന്നു.

(ജി) 1979-80 ലേക്ക് 3.57 കോടി രൂപ ബോർഡ് ഗവൺമെന്റിലേക്ക് അടച്ചിട്ടുണ്ട്.

ശ്രീ. എൻ. സുബ്രഹ്മണ്യ ഷേണായി: ഡ്യൂട്ടിയിനത്തിൽ കിട്ടാനില്ലെന്നാണ് നേരത്തെയുള്ള ചോദ്യത്തിനു മറുപടി പറഞ്ഞത്. ഇപ്പോൾ പറഞ്ഞത് 1979-നുശേഷം കത്തിടപാടുകൾ നടത്തുന്നുണ്ടെന്നാണ്. അപ്പോൾ, ഈ ജൂലായ് 31-ാം തീയതിവരെയുള്ള കുടിശ്ശിക എത്രയാണ്?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: നേരത്തെ ഡ്യൂട്ടിയിനത്തിലുണ്ടായിരുന്ന കുറെ തുക ഇലക്ട്രിസിറ്റി ബോർഡിന്റെ സാമ്പത്തികബുദ്ധിമുട്ടുകൾ പരിഗണിച്ച് ഗവൺമെന്റ് ഇളച്ചു കൊടുത്തിട്ടുണ്ട്. കഴിഞ്ഞ മാസംവരെയുള്ള മുഴുവൻ തുകയും അടച്ചു തീർത്തിരിക്കുന്നു എന്നാണ് ഇന്നലെ വൈകിട്ട് ഞാൻ ഇലക്ട്രിസിറ്റി ബോർഡിൽ വിളിച്ചു ചോദിച്ചപ്പോൾ വിവരം കിട്ടിയത്. ഈ ചോദ്യത്തിനുത്തരം തയ്യാറായി വന്നശേഷം കിട്ടിയ വിവരമാണത്. രണ്ടുരണ്ടര കോടി രൂപ കഴിഞ്ഞ മാസത്തിൽ അടച്ചു. നേരത്തെ ഉണ്ടായിരുന്ന തുക റൈറ്റ് ഓഫ് ചെയ്തിട്ടുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. അതുകൊണ്ട് കുടിശ്ശികയില്ല.

ശ്രീ. എൻ. സുബ്രഹ്മണ്യ ഷേണായി: കുടിശ്ശിക കൃത്യമായി അടയ്ക്കുന്നുണ്ടോ എന്നു നോക്കാൻ ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണ്?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: 45 ലക്ഷം രൂപ വീതം അഡ്വാൻസായി അടച്ചുകൊണ്ടിരിക്കുകയാണ്. കുറവാണെങ്കിൽ ആ തുകയിൽ ബാക്കികൂടെ ചേർത്ത് അടുത്തമാസം അടയ്ക്കുകയും കൂടുതലാണെങ്കിൽ ആ തുക കഴിച്ചുള്ള ബാക്കി തുക അടയ്ക്കുകയും ചെയ്യുന്ന സിസ്റ്റമാണ് നിലവിലിരിക്കുന്നത്.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും മൊത്തം എത്ര തുക ഗവൺമെന്റിലേക്ക് അടയ്ക്കാനുണ്ടെന്നുള്ളതിനെപ്പറ്റി ഒരു വ്യക്തമായ കണക്ക് ബഹുമാനപ്പെട്ട മന്ത്രിയിൽനിന്നും ലഭിച്ചിട്ടില്ല. അത് എത്രയാണെന്നു വ്യക്തമാക്കാമോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സത്യം പറഞ്ഞാൽ ഇത് ഒരു അഡ്ജസ്റ്റുമെന്റ് മാത്രമാണ്. ഡ്യൂട്ടി അല്ല ഇൻറാസ്റ്റ് ആണ്. ഇലക്ട്രിസിറ്റിബോർഡിന്റെ പ്രവർത്തനച്ചെലവിലേക്ക് ഗവൺമെന്റ് കൊടുക്കുന്ന മൂലധനത്തിന്മേലുള്ള പത്തേമുക്കാൽ ശതമാനം വരുന്ന പലിശയാണ് ഒരിനം. മറ്റൊന്ന് ഇലക്ട്രിസിറ്റി ഡ്യൂട്ടിയാണ്. ഡ്യൂട്ടിയെ സംബന്ധിച്ചതാണ് ചോദ്യം. മറ്റുള്ള കണക്കുകൾ ഇപ്പോഴും പൂർത്തീകരിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നും എന്തുമാത്രം തുകയാണ് ഈ ഇനത്തിൽ ബോർഡിനു പിരിഞ്ഞു കിട്ടാനുള്ളത്?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: 20 കോടിയിൽ ചിലപ്പോൾ രൂപയുണ്ട്. അതിൽ ഭൂരിപക്ഷം തുകയും ഗവൺമെന്റുടമസ്ഥതയിലുള്ള വ്യവസായ സ്ഥാപനങ്ങളിൽനിന്നുമാണ്. അതിൽ ആറുകോടിയോളം രൂപ ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ബോർഡിലേക്ക് അടയ്ക്കാനുള്ളത് ഗവൺമെന്റിലേക്ക് അടയ്ക്കേണ്ട തുകയിൽ കുറച്ച് ബോർഡിനു കിഴിവ് കൊടുത്തിരിക്കുകയാണ്. രണ്ടാഴ്ച മുൻപ് ഗവൺമെന്റ് അങ്ങനെയൊരു തീരുമാനമെടുത്തു. കോടതിയിൽ കേസും സ്റേയുമൊക്കെ ഉള്ളതിന്റെ അടിസ്ഥാനത്തിലാണ് ചിലതിനൊക്കെ ഈ കുടിശ്ശിക വരുന്നത്. ഇനിയും പത്തുപതിനാലു കോടി രൂപയെങ്കിലും ഈ ഇനത്തിലുണ്ടായിരിക്കുമെന്നാണ് വിചാരിക്കുന്നത്.

ശ്രീ. സി. ബി. സി. വാര്യർ: ഇളച്ചുകൊടുത്തത് എത്ര രൂപയാണ്, എന്നാണ് ഇളച്ചു കൊടുത്തത്?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഈ ഗവൺമെന്റ് വരുന്നതിനു മുൻപാണ്. എപ്പോഴെന്നുള്ളതു കൃത്യമായി പറയണമെങ്കിൽ നോട്ടീസ് വേണം.

ശ്രീ. സി. ബി. സി. വാര്യർ: സെക്ഷൻ 3 (1) അനുസരിച്ചുള്ള ഡ്യൂട്ടി അരിയേഴ്സുണ്ടോ, ഉണ്ടെങ്കിൽ എത്ര?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: നോട്ടീസ് വേണം.

ശ്രീ. പി. പി. എസ്തോസ്: പത്തേമുക്കാൽ ശതമാനം ഇൻറെറസ്റ് കഴിഞ്ഞ ഏതെങ്കിലും കാലത്ത് ഗവൺമെന്റിലേക്കടച്ചിട്ടുണ്ടോ? ഈ ഇനത്തിൽ എത്ര തുക അടച്ചിട്ടുണ്ട്?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷംതന്നെ 25 കോടി രൂപ ഡ്യൂട്ടി കൂടാതെ ഇൻറെറസ്റ് ഇനത്തിൽ അടച്ചിട്ടുണ്ട്: കഴിഞ്ഞ കൊല്ലം അടച്ചിട്ടുണ്ട്. അതിനുശേഷം ആറു കോടി രൂപ ടി.സി.സി.-യുടെ പേരിലും അഡ്ജസ്റ് ചെയ്ത് അടച്ചിട്ടുണ്ട്. എന്റെ ഓർമ്മ ശരിയാണെങ്കിൽ 25 കോടി രൂപ കൂടാതെ പത്തേമുക്കാൽ കോടി രൂപ കൂടി അടച്ചിട്ടുണ്ട്. അങ്ങനെ ഒരു കൊല്ലം കൊണ്ടുതന്നെ മുപ്പത്തഞ്ചേമുക്കാൽ കോടി രൂപയോളം അടച്ചിട്ടുണ്ടെന്നാണ് ഓർമ്മ.

ശ്രീ. പി. പി. എസ്തോസ്: ഇന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവന പത്രത്തിൽ കണ്ടത് എനർജി പുറത്തേയ്ക്ക് വിൽക്കുന്നതു കൊണ്ടുമാത്രമാണ് ഇലക്ട്രിസിറ്റി ബോർഡ് നിലനിൽക്കുന്നതെന്നും കറൻറ് ചാർജ്ജിനത്തിൽ ഇൻറെറർണലായുള്ള കളക്ഷൻകൊണ്ടല്ല ഇത് നിലനിൽക്കുന്നതെന്നുമാണ്. അങ്ങനെയെങ്കിൽ ഈ എനർജി ഔട്ട് സൈഡിലുള്ള സ്റേറ്റുകളിൽ വിൽക്കേണ്ടാത്ത ഒരവസ്ഥ വരുകയാണെങ്കിൽ ഈ പറയുന്ന സംഖ്യയെല്ലാം അടയ്ക്കുന്നതിന് കഴിയാത്ത ഒരു സ്ഥിതിവരുമെങ്കിൽ ബോർഡ് വൈൻറപ്പ് ചെയ്യേണ്ട സ്ഥിതിവരുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: വൈൻറ്റപ്പ് ചെയ്യുമെന്ന് പറയുന്നില്ല. നമ്മൾ 8 കോടി രൂപയാണ് ഗാർഹിക ഉപഭോക്താക്കളിൽനിന്നും പിരിച്ചെടുക്കുന്ന തുക. അതിനുവേണ്ട എസ്റ്റാബ്ലിഷ്മെൻറ് എക്സ് പെൻറിച്ചർ വളരെ കൂടുതലാണ്. സംസ്ഥാനത്തിന് പുറത്തുകൊടുക്കുന്ന വിദ്യുച്ഛക്തി സപ്ലൈക്ക് എസ്റ്റാബ്ലിഷ്മെൻറ് എക്സ്പെൻറീച്ചറില്ല. അതുകൊണ്ട് അങ്ങനെ കിട്ടുന്ന പണം മിച്ചവില്ലാതെ നമുക്ക് കിട്ടുന്നതാണ്. സംസ്ഥാനത്ത് വിദ്യുച്ഛക്തി ഉപഭോക്താക്കൾ കൂടുമ്പോൾ, സ്വാഭാവികമായും കൂടുതൽ ചെലവ് വരും. ഇതിനെപ്പറ്റിയൊക്കെ കാര്യമായി ആലോചിക്കേണ്ടതാണ്. അതുകൊണ്ട് ധാരാളം ഭരണച്ചെലവുകൾ കുറയ്ക്കുക എന്നതാണ് അതിൻെറ ഏക പോംവഴി.

ശ്രീ. കെ.പി. നൂറുദ്ദീൻ: സർ, ഗവൺമെൻറിലേക്ക് ഇലക്ട്രിസിറ്റി ബോർഡ് കൊടുക്കാനുള്ള തുകയെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. നമ്മുടെ സംസ്ഥാനത്ത് വൈദ്യുതി ലഭിക്കുന്നതിനുള്ള കാലതാമസം, വോൾട്ടേജ് കമ്മി, കൃത്യമായ തെരുവുവിളക്കുകൾ, വിതരണം ഇവയെ സംബന്ധിച്ചുള്ള പരാതികൾ പരിഹരിക്കുന്നതിനുവേണ്ടി ഗവൺമെൻറിൽനിന്നും കൂടുതൽ തുക ലോൺ എടുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാൻ ശ്രദ്ധിക്കുമോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഗവൺമെൻറിൽനിന്നും ഈ പ്ലാൻ സ്കീമിൽ വെച്ചിരിക്കുന്ന തുകയെ കൊടുക്കാൻ പറ്റുകയുള്ളൂ. അടുത്ത അഞ്ചുകൊല്ലത്തെ പ്ലാനിൽ ഇലക്ട്രിസിറ്റിയെ സംബന്ധിച്ചിടത്തോളം ഒരു അലോട്ട്മെൻറുണ്ട്. ഏതാണ്ട് 50 കോടി വീതം അലോട്ട്മെൻറുണ്ട്. ഇത് ഗവൺമെൻറിൽനിന്നും മാത്രമല്ല കിട്ടുന്നത്. ഓപ്പൺ മാർക്കറ്റ് ലോൺ, എൽ. ഐ. സി. യുടെ ലോൺ, ബാങ്കിംഗ് സ്ഥാപനങ്ങളിൽ നിന്നും കൊടുക്കുന്ന ലോൺ അങ്ങനെയൊക്കെയാണ് കിട്ടുന്നത്. പ്ലാനിംഗ് കമ്മീഷൻ അനുവദിച്ചതിനേക്കാൾ കൂടുതൽതുക കൊടുക്കാൻ ഗവൺമെൻറിന് കഴിയുമെന്ന് തോന്നുന്നില്ല.

(ചോദ്യം നമ്പർ 628 ചോദിച്ചില്ല.)

മി. സ്പീക്കർ: ചോദ്യം 629.

ചോദ്യം ചോദിച്ച അംഗങ്ങൾ ആരും സഭയിലില്ല.

(ചോദ്യം 629 ചോദിച്ചില്ല.)

ഇലക്ട്രിസിറ്റി ബോർഡിന് സംസ്ഥാന ഗവൺമെൻറിൻെറ ലോൺ

* 575 (630) ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്:

,, വർക്കല രാധാകൃഷ്ണൻ:

,, വി. വി. ദക്ഷിണാമൂർത്തി:

,, കോലിയക്കോട് എൻ. കൃഷ്ണൻനായർ:

,, ജി. വരദൻ:

,, വി. എസ്. ചന്ദ്രശേഖരൻപിള്ള:

,, ടി. കെ. ആറുമുഖൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly